## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം.

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1009 05/03/2018 ൽ മറുപടിയ്ക്ക്

### സ്കൂൾ കലോത്സവ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുത്ത തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ശശി | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2016-17, 2017-18 അദ്ധ്യയന വർഷങ്ങളിൽ കേരള സർക്കാർ നടത്തിയ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത കുട്ടികൾ എത്ര; ഇതിനു ഭാഗമായ ഉദ്യോഗസ്ഥർ എത്ര; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2016-17, 2017-18 എന്നീ അദ്ധ്യയന വർഷങ്ങളിൽ കേരളസർക്കാർ നടത്തിയ സ്കൂൾ കലോത്സവത്തിലെ കുട്ടികളുടെ എണ്ണം യഥാക്രമം 14670 , 14212 എന്നിങ്ങനെ ആണ്.<br><br><u>കലോത്സവത്തിൽ പങ്കെടുത്ത</u><br><u>ഉദ്യോഗസ്ഥരുടെ എണ്ണം (2016-17)</u><br>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് - 132<br>ഹയർ സെക്കന്ററി ഡയറക്ടറേറ്റ് - 26<br>വൊക്കേഷണൽ ഹയർ സെക്കന്ററിഡയറക്ടറേറ്റ് - 18<br><br><u>കലോത്സവത്തിൽ പങ്കെടുത്ത</u><br><u>ഉദ്യോഗസ്ഥരുടെ എണ്ണം (2017-18)</u><br>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് - 150<br>ഹയർ സെക്കന്ററി ഡയറക്ടറേറ്റ് - 40<br>വൊക്കേഷണൽ ഹയർ സെക്കന്ററിഡയറക്ടറേറ്റ് - 21 |
| (ബി) | കലോത്സവ ഇനത്തിൽ 9, 10, പ്ലസ് 1, പ്ലസ്2 തുടങ്ങിയ ക്ലാസ്സുകൾ ഉൾപ്പെടെ പിരിച്ചെടുത്ത കലോത്സവ വിഹിതം എത്ര, എത്ര തുക നിശ്ചയിച്ചു; എത്ര ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കലോത്സവ ഇനത്തിൽ 9, 10, ക്ലാസ്സുകളിൽ നിന്നും 7 രൂപ ക്രമത്തിലും പ്ലസ് 1, പ്ലസ്2 ക്ലാസ്സുകളിൽ നിന്നും 22 രൂപ ക്രമത്തിലുമാണ് കലോത്സവ വിഹിതം ശേഖരിക്കുന്നത്. സ്കൂളുകളിൽ നിന്നും തുക ഇപ്പോൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.<br><br>സ്കൂൾതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള കലോത്സവത്തിന്റെ നടത്തിപ്പ് ചുമതല പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റാണ് നിർവ്വഹിച്ചുവരുന്നത്. സബ്ജില്ലാതലത്തിൽ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും സംസ്ഥാനതലത്തിൽ ഡി.പി.ഐ |

| | | | |
|---|---|---|---|
| | | | മുഖേനയുമാണ് ഫണ്ട് വിനിയോഗിക്കുന്നത്. ഈയിനത്തിൽ പിരിച്ചെടുത്ത തുക, നിശ്ചയിച്ചിട്ടുള്ള തുക, ലഭിച്ച തുക എന്നീ വിശദാംശങ്ങൾ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന് ലഭ്യമായിട്ടില്ല. |
| (സി) | 2016-17, 2017-18 വർഷങ്ങളിൽ കലോത്സവ പ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ വിഹിതം എത്ര; മറ്റു വകുപ്പുകളിൽ നിന്ന് ഉദ്ദേശിച്ച തുക ; ലഭ്യമായ തുക ; അപ്പീലുകൾ ഉൾപ്പെടെ കമ്മറ്റികൾ താഴെ തലം മുതൽ സംസ്ഥാന തലം വരെ ലഭ്യമായ തുക; മറ്റു വകുപ്പു നിർദ്ദേശങ്ങൾ പ്രകാരം പിരിച്ചെടുത്ത തുക എന്നിവ എത്ര; വിശദാംശം ലഭ്യമാക്കുമോ; | (സി) | 2016-17 വർഷത്തിൽ കലോത്സവ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ജില്ലാ കലോത്സവങ്ങൾക്കായി നാല് കോടി രൂപയും, സംസ്ഥാന കലോത്സവത്തിലെ മത്സര വിജയികൾക്ക് പ്രൈസ് മണി നൽകുന്നതിനായി മുപ്പത്തഞ്ച് ലക്ഷം രൂപയും അനുവദിച്ചു.<br>2017-18 വർഷത്തിൽ കലോത്സവ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ജില്ലാ സബ് ജില്ലാ കലോത്സവങ്ങൾക്കായി ആറ് കോടി രൂപയും, സംസ്ഥാന കലോത്സവത്തിലെ മത്സര വിജയികൾക്ക് പ്രൈസ് മണി നൽകുന്നതിനായി നാൽപത് ലക്ഷം രൂപയും അനുവദിച്ചു.<br>2016-17 വർഷത്തിൽ അപ്പീൽ ഇനത്തിൽ ലഭിച്ച തുക - 75,27,000/-<br>2017-18 വർഷത്തിൽ അപ്പീൽ ഇനത്തിൽ ലഭിച്ച തുക - 85,89,800/-<br>മറ്റ് വകുപ്പുകളിൽ നിന്നും ഈ ഇനത്തിൽ തുക ലഭിച്ചിട്ടില്ല. |
| (ഡി) | 2018-19 വർഷ കലോത്സവം കുറ്റമറ്റതാക്കാനും നിശ്ചയിച്ച തുക യഥാസമയം പിരിച്ചെടുക്കാനും എന്തു നടപടികൾ സർക്കാരും വകുപ്പും സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2018-19 വർഷത്തെ കലോത്സവം കുറ്റമറ്റതാക്കാനും നിശ്ചയിച്ച തുക സ്കൂൾ തലത്തിൽ നിന്ന് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ